# വെണ്ണിയാനിയിലെ സ്പന്ദനങ്ങൾ

കോനാട്ട് സത്യൻ

വെണ്ണിയാനി ദുരന്തത്തിന് ഒരു വയസ്. ഇടുക്കിയിലെ വെണ്ണിയാനി മലയിൽ 2001 ജൂലായ് 9ന് ഉണ്ടായ ഉരുൾപൊട്ടലിൽ നാല് ജീവിതങ്ങളാണ് പൊലിഞ്ഞത്. ഒരു കുടുംബത്തിലെ അച്ഛനും അമ്മയും മകനും പിന്നെ മലയാളത്തിന്റെ അനശ്വരനായ ഫോട്ടോഗ്രാഫർ വിക്ടർ ജോർജും.

മഴ പെയ്താൽ മഞ്ഞുമൂടുന്ന ഭീകരാന്തരീക്ഷം വെണ്ണിയാനിയിൽ ഇപ്പോഴും നിലനിൽക്കുകയാണ്. രാത്രി ചൂളം വിളിച്ചെത്തുന്ന കാറ്റും ചീവിടുകളുടെ നിലയ്ക്കാത്ത ചിലമ്പലും ഈ മഴക്കാലത്തും വിഷാദഗ്രസ്തമായ ചുറ്റുപാടൊരുക്കിയിരിക്കുന്നു. മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടാക്കിയ നടുക്കം ഇന്നും വെണ്ണിയാനിക്കാരുടെ മനസ്സിൽ നിന്നും മറഞ്ഞിട്ടില്ല.

കഴിഞ്ഞ ജൂലൈ 9ന് വെളുപ്പാൻ കാലത്ത് കോരിച്ചൊരിയുന്ന മഴയ്ക്കും താണ്ഡവമാടുന്ന കാറ്റിനും ഇടയിൽ കേട്ട ആർത്തനാദം അവിടേയ്ക്കോടിയെത്തിയവരുടെ കരളലിയിക്കുന്നതായിരുന്നു. ഇടപറമ്പിൽ ഭാസ്കരന്റെ വീട് സ്ഥിതി ചെയ്തിരുന്ന കുന്ന് പെരുവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി.

മണ്ണിൽ പാതി പുതഞ്ഞുകിടന്ന് അഭയത്തിനായി യാചിച്ച അനിൽ കുമാർ എന്ന ഇരുപതു വയസുകാരനെക്കുറിച്ച് പറയുമ്പോൾ രക്ഷാപ്രവർത്തകരായിരുന്ന രവീന്ദ്രന്റേയും ഉണ്ണിച്ചന്റേയും കണ്ണുകളിൽ നനവൂറുന്നു. ആർത്തുപെയ്യുന്ന മഴ വകവയ്ക്കാതെ അനിൽകുമാറിനെ രക്ഷിക്കാൻ അവർ കഠിനപരിശ്രമം നടത്തുകയായിരുന്നു. അനിൽകുമാറിന്റെ കാലുകൾ തടിക്കഷണങ്ങൾക്കിടയിൽ കുരുങ്ങിക്കിടക്കുന്നത് മാറ്റുന്നതിലേക്കായി പെ



ട്രോൾമാക്സിന്റെ മങ്ങിയ വെളിച്ചത്തിൽ കഠിനാദ്ധ്വാനം ചെയ്യുവേയാണ് ഒരിടവേളയോടെ പിന്നെയും മണ്ണിടിച്ചിലുണ്ടായത്. രക്ഷാപ്രവർത്തകർ നാലുപാടും ചിതറിയോടി. രണ്ടാമത്തെ മണ്ണിടിച്ചിലിൽ അനിൽകുമാർ പിന്നെയും മണ്ണിൽ പുതഞ്ഞുപോവുകയായിരുന്നു. മരണത്തിനും ജീവിതത്തിനുമിടയിലെ നൂൽപാലത്തിൽ നിന്ന് മരണത്തിന്റെ ആഴക്കയങ്ങളിലേക്ക്.........

സാഹസികതയെ എന്നും ഹൃദയത്തിലേറ്റി താലോലിച്ചിരുന്ന ഫോട്ടോഗ്രാഫർ വിക്ടർ ജോർജ് 9-ന് ഉച്ചയ്ക്കാണ് വെണ്ണിയാനിയിലെത്തിയത്. മഞ്ഞും തണുപ്പും വകവയ്ക്കാതെ വിക്ടർ മല കയറി. അപൂർവ്വ ദൃശ്യങ്ങൾക്കായി മലയിടിഞ്ഞ ക്ലേശകരമായ മൺകൂനകൾക്കിടയിലൂടെ വിക്ടർ ഏകനായി മുകളിലേക്ക് നടന്നുനീങ്ങുന്നത് കണ്ടവരുണ്ട്. താഴെ നാട്ടുകാരും ജനപ്രതിനിധികളുമടങ്ങിയ നൂറുകണക്കിനാളുകൾ ദുരന്തം വിളയാടിയ വെണ്ണിയാനി മലയ്ക്കരികിൽ നിൽക്കുന്നുണ്ടായിരുന്നു.

ഉച്ചയോടെ തികച്ചും ആകസ്മികമായി രണ്ടാമതും ഉരുൾ പൊട്ടുകയായിരുന്നു. നേരത്തെ ഉരുൾ പൊട്ടിയ മലയുടെ മുകൾഭാഗം താഴേക്ക് പൂർണ്ണമായും ഒലിച്ചിറങ്ങി. ഒരഗ്നിപർവ്വതസ്ഫോടനത്തെ അനുസ്മരിപ്പിക്കുന്ന വിധം അന്തരീക്ഷത്തിലാകെ കല്ലും മണ്ണും ചിതറിത്തെറിച്ചു. ജനങ്ങൾ പരിഭ്രാന്തിയോടെ ഓടിയകന്നു. മണിക്കൂറുകൾക്കുശേഷമാണ് വിക്ടറിനെക്കുറിച്ച് അന്വേഷണമാരംഭിച്ചത്. വിക്ടർ എവിടെപ്പോയി എന്ന് ആർക്കും അറിയില്ലായിരുന്നു. മൂന്നാം നാൾ ക്ലേശകരമായ തിരച്ചിലുകൾക്കൊടുവിൽ നേവിയുടേയും ഫയർ ഫോഴ്സിന്റേയും സാന്നിദ്ധ്യത്തിൽ നാട്ടുകാരിൽ ചിലർ വിക്ടറിന്റെ ചേതനയറ്റ ശരീരം കണ്ടെടുത്തു.

ഉരുൾപൊട്ടൽദുരന്തം കാണാനെത്തി വാഗ്ദാനപെരുമ്പറ മുഴക്കി മലയിറങ്ങിപ്പോയ നേതാക്കന്മാരോ അധികാരികളോ ഒരു വർഷം പിന്നിട്ടിട്ടും വെണ്ണിയാനിയിലെ സങ്കടങ്ങൾക്കു നേരെ മുഖം കാണിച്ചിട്ടില്ല.

16 കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പാർപ്പിക്കണമെന്ന് കേന്ദ്ര അന്വേഷണസംഘം റിപ്പോർട്ട് നൽകിയിട്ടും ഇടിഞ്ഞ വെണ്ണിയാനി മലയ്ക്കരികിൽ ഭീതിയുടെ നിഴലിൽ ആ കുടുംബങ്ങൾ ഇന്നും കഴിയുകയാണ്. ഉരുൾപൊട്ടലിനെ തുടർന്ന് പെരിങ്ങാശ്ശേരി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ പാർപ്പിച്ച കുടുംബങ്ങൾക്ക് സർക്കാർ നൽകിയ നാമമാത്രമായ ദുരിതാശ്വാസത്തിനപ്പുറം അവരുടെ വീടിനോ ജീവിതങ്ങൾക്കോ യാതൊരു വിലയും നിലയും കൈവന്നിട്ടില്ല. മണ്ണിടിച്ചിലിനെ തുടർന്ന് ഗതാഗത യോഗ്യമല്ലാതിരുന്ന മലമുകളിലെ റോഡ് നാട്ടുകാർ ശ്രമദാനമായി പണിയേണ്ടിവന്നു.

വെണ്ണിയാനിയിൽ രാത്രികാലങ്ങളിൽ മഴ ഇരമ്പുമ്പോൾ മേട്ടിൽ കാറ്റുവീശുമ്പോൾ അർദ്ധപട്ടിണിക്കാരായ ഒരുപറ്റം മനുഷ്യജന്മങ്ങൾ നെഞ്ചിൽ തീയുമായി തങ്ങളുടെ ദുർവിധിയെക്കുറിച്ചോർത്ത് പരിതപിച്ചു കഴിയുന്നു.

വിസ്മൃതിയുടെ ആഴക്കയങ്ങളിലേക്ക് ഇടപറമ്പിൽ വീട്ടുകാരും വിക്ടർജോർജും വെണ്ണിയാനി ദുരന്തവും മാറുകയാണ്.

വെണ്ണിയാനിയിലെ മഞ്ഞുമലകൾക്കുമുകളിൽ ഇന്ന് ജീവിച്ചിരിക്കുന്നവരുടെ ഹൃദയസ്പന്ദനങ്ങൾ കേൾക്കാൻ ആരാണുള്ളത്?

**ദുരന്തം കാണാനെത്തി വാഗ്ദാനപെരുമ്പറ മുഴക്കി മലയിറങ്ങിപ്പോയ നേതാക്കന്മാരോ അധികാരികളോ ഒരു വർഷം പിന്നിട്ടിട്ടും വെണ്ണിയാനിയിലെ സങ്കടങ്ങൾക്കു നേരെ മുഖം കാണിച്ചിട്ടില്ല.**

**16 കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പാർപ്പിക്കണമെന്ന് കേന്ദ്ര അന്വേഷണസംഘം റിപ്പോർട്ട് നൽകിയിട്ടും ഭീതിയുടെ നിഴലിൽ കുടുംബങ്ങൾ ഇന്നും കഴിയുകയാണ്. ഉരുൾപൊട്ടലിനെ തുടർന്ന് പെരിങ്ങാശ്ശേരി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ പാർപ്പിച്ച കുടുംബങ്ങൾക്ക് സർക്കാർ നൽകിയ നാമമാത്രമായ ദുരിതാശ്വാസത്തിനപ്പുറം അവരുടെ വീടിനോ ജീവിതങ്ങൾക്കോ യാതൊരു വിലയും നിലയും കൈവന്നിട്ടില്ല.**